എന്റെ ഓഹരി
ഓഹരി നിക്ഷേപത്തിനും ബിസിനസ് സാദ്ധ്യതകൾ
മനസ്സിലാക്കാനും അസുലഭ അവസരം

അഴിമുഖം
WWW.AZHIMUKHAM.COM

Font Issue?

# ഗോമാംസം കഴിക്കരുതെന്നും കഴിച്ചവരെ കൊല്ലണമെന്നും വേദങ്ങളിൽ പറഞ്ഞിട്ടില്ല; എംജിഎസ് സംസാരിക്കുന്നു



Oct 21 2015 01:41 PM

*അജ്ഞാനികളായവർ പുനർനിർമിക്കുന്ന സംസ്കാരം പിന്തുടരേണ്ടിവരുന്ന കാലഘട്ടത്തിന്റെ ഇരകൾക്ക് തങ്ങളുടെ ഭക്ഷണകാര്യത്തിൽപ്പോലും സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു. ഏതൊരു ജനവിഭാഗത്തിന്റെയും അടിസ്ഥാനമെന്നു പറയുന്നത് അവരുടെ പൗരാണികവും ചരിത്രപരവുമായ അസ്തിത്വങ്ങളാണ്. എന്നാൽ ഇന്ത്യയുടെ വർത്തമാനകാല സാഹചര്യം, തെറ്റായി വ്യാഖാനിക്കപ്പെടുന്ന ചരിത്രത്തിന്റെയും പുരാണങ്ങളുടെയും മറവിൽ ശവക്കോട്ടകളായി മാറുകയാണ്. നിങ്ങൾ ചെയ്യുന്നതും പറയുന്നതും തെറ്റാണെന്ന് അവരുടെ തന്നെ ന്യായപ്രമാണങ്ങളെ വെല്ലുവിളിച്ചുകൊണ്ടു പറയാൻ കഴിയാതെ പോവുന്നതാണ് ഇന്ത്യയുടെ യഥാർത്ഥ ദുർഗതി. ചരിത്രാവബോധത്തിലും പുരാണേതിഹാസ വ്യാഖ്യാനങ്ങളിലും നമ്മൾ എത്രത്തോളം അറിവില്ലാത്തവരാണെന്നതാണ് ചിലർ പുലർത്തുന്ന അസഹിഷ്ണുത വളരാൻ സഹായിക്കുന്നതെന്ന് പ്രമുഖ ചരിത്രകാരനായ ഡോ.എംജിഎസ് നാരായണൻ ചൂണ്ടിക്കാണിക്കുന്നു. ഭക്ഷണം പോലും ഫാസിസ്റ്റ് ഇച്ഛയ്ക്ക് അനുസരിച്ച് കഴിക്കേണ്ടിവരുന്ന കറുത്തകാലത്തിൽ തെറ്റ് അവരുടെതു മാത്രമല്ലെന്ന് എംജിഎസ് പറയുന്നത് എന്തുകൊണ്ടാവാം? അതെക്കുറിച്ച്* ***എംജിഎസ് നാരായണൻ*** *അഴിമുഖത്തോട് സംസാരിക്കുന്നു.*

ചരിത്രം തെളിവുകളിലൂടെയാണ് മനസ്സിലാക്കേണ്ടത്, അഭിപ്രായങ്ങളിലൂടെയല്ല. പുരാണങ്ങൾ പഠിച്ചാണ് മനസ്സിലാക്കേണ്ടത്. ഇതു രണ്ടിനും കഴിയാത്തിടത്താണ് ഒരു വിഭാഗം അബദ്ധങ്ങൾ പറയുന്നതും അതിനെ എതിർക്കാൻ മറുവിഭാഗത്തിന് കഴിയാതെ പോകുന്നതും. ഞാൻ വേദങ്ങൾ പഠിക്കാൻ ശ്രമിച്ചിട്ടുള്ള ഒരാളാണ്. ഞാനറിഞ്ഞിടത്തോളം ഗോമാംസം കഴിക്കരുതെന്ന് വേദഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടില്ല. മഹർഷിമാർവരെ അതിഥി സത്കാരത്തിന്റെ ഭാഗമായി ഗോമാംസം വിളമ്പിയിട്ടുണ്ട്. അവർ ഭക്ഷിച്ചിട്ടുമുണ്ട്. അതേപോലെ ഗോവിനെ വധിക്കുന്നവനെ വധിക്കണമെന്ന ശാസനയും വേദഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതായും ഞാൻ മനസ്സിലാക്കിയിട്ടില്ല. അതിനാൽ തന്നെ ഇപ്പോൾ നടക്കുന്നത് അറിവില്ലായ്മയാണ്. അല്ലെങ്കിൽ വാശി. നിർഭാഗ്യമെന്നു പറയട്ടെ, ഈ വാശി, അല്ലെങ്കിൽ അജ്ഞാനപ്രചരണത്തെ തടയാൻ പൊതുസമൂഹത്തിന് കഴിയുന്നില്ല. അതിന്റെ കാരണമാണ് നമ്മൾ പ്രധാനമായും ചർച്ച ചെയ്യേണ്ടത്. സ്വത്വാന്വേഷണം ശാസ്ത്രീയമായി നടത്താനുള്ള വിദ്യാഭ്യാസം നമുക്കു ലഭിക്കുന്നില്ല. അതു നമ്മുടെ രാജ്യത്തിന്റെ ദുർഗതിയാണ്. മറ്റു രാജ്യങ്ങളിൽ അങ്ങനെയല്ല. അവർ കുട്ടികളിൽ തൊട്ട് അന്വേഷണത്വര നിറയ്ക്കുകയാണ്. അതിനാവശ്യമായ സഹായങ്ങൾ

Content Partners
The Washington Post
GLOBAL TIMES
Slate
FP Foreign Policy
THE DAILY YOMIURI

CELEBRUS
EQUITY | COMMODITY | CURREN
എന്റെ ഓഹരി
ഓഹരി നിക്ഷേപത്തിനും ബിസിനസ് സ
മനസ്സിലാക്കാനും അസുലഭ അവ
For more details contact : 9745 044855 , 9567

Most Read

പൊലയാടി മോൻ തന്നെയല്ലേ ഇപ്പോഴും മലയാളിയുടെ തെറി?

പോലീസ് ഉരുട്ടിക്കൊന്ന ഉദയകുമാറിന്റെ അമ്മയുടെ പോരാട്ടജീവിതത്തിന് 11 വർഷം

55-കാരി മകൾക്ക് താങ്ങ് 80-നോടടുത്ത അമ്മ; ശീലാബതിയുടെ ജീവിതം, ദേവകിയുടെയും

എങ്ങനെ ഒരു എൻകൗണ്ടർ നടത്താം; പൊലീസിന് ഒരു പ്രവർത്തനസഹായി

അറുപത് വയസ്സു തികഞ്ഞ കേരളം വായിക്കേണ്ട പൊടിയന്റെ കഥ

നെൽകൃഷിയും പുലിമുരുകനും; ഇത്രയ്ക്കു ചീപ്പ് ആണോ പിണറായി വിമർശകർ?

പിണറായി നൈസായൊന്ന് പിടിമുറുക്കിയാൽ തീരാവുന്നതേയുള്ളൂ ഏറണാകുളത്തെ ഗുണ്ടാ-പോലീസ്-രാഷ്ട്രീയ കൂട്ടുകെട്ട്

ചെയ്തുകൊടുക്കലാണ് അവരുടെ വിദ്യാഭ്യാസരീതികൾ. കുട്ടികളെ ചോദ്യം ചോദിക്കാനും ഉത്തരങ്ങൾ സ്വയം കണ്ടെത്താനും അവർ പരിശീലിപ്പിക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസം എന്നാൽ പരീക്ഷയെഴുത്താണ്. ലോകത്തിനു മുന്നിൽ നമ്മൾ ഇക്കാര്യങ്ങളിൽ വളരെ പിന്നിലാണ്, കേരളം അതിലേറെ പിന്നിലും.

സത്യത്തിൽ ഇപ്പോൾ അബദ്ധപ്രചരണം നടത്തുന്നവരോട് എനിക്ക് തോന്നുന്നത് അവരുടെ അറിവില്ലായ്മ ഓർത്തുള്ള സഹതാപമാണ്. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു സംഗതി, പൊതുസമൂഹത്തെ എന്തുകൊണ്ട് വേദ-പുരാണങ്ങൾ പഠിക്കാൻ പ്രേരിപ്പിക്കുന്നില്ല എന്നതാണ്. പുരാണേതിഹാസങ്ങൾ പഠിക്കുന്നവരെയും ഹൈന്ദവ പൈതൃകങ്ങൾ പിന്തുടരാൻ ശ്രമിക്കുന്നവരെയും പിന്തിരിപ്പൻമാരും കൊള്ളരുതാത്തവരുമാക്കുകയാണ്. അതിന്റെ തിരിച്ചടിയാണ് ഇപ്പോൾ സംഭവിക്കുന്നത്. പൊതുസമൂഹത്തിന് വേദ-പുരാണേതിഹാസങ്ങളിൽ അറിവുണ്ടായിരുന്നെങ്കിൽ ഇപ്പോൾ ഒരുവിഭാഗം നടത്തുന്ന അസഹിഷ്ണുതയെ ചെറുക്കാൻ കഴിയുമായിരുന്നു.

ആരാണ് അർണാബ് ഗോസ്വാമി? അയാൾ ചെയ്യുതും ചെയ്യുന്നതും

ഇതൊക്കെ തന്നെയാണ് കേരളത്തിലെ പോലീസ്: ഒട്ടും അവിശ്വസിക്കേണ്ടതില്ല

വെൽഡൺ സുരേഷ് ഗോപി, സ്വന്തം പാർട്ടിക്കാരോടും തിരുത്താൻ ആവശ്യപ്പെട്ടതിന്



ഹിന്ദു മതത്തിന്റെ പേരിലാണ് ഇപ്പോൾ പല അസഹിഷ്ണുതപരമായ പ്രവർത്തികളും നടക്കുന്നത്. യഥാർത്ഥത്തിൽ ഹിന്ദു മതം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ ആരാണ് ഈ മതം സ്ഥാപിച്ചത്? ഏതാണ് ഈ മതത്തിന്റെ അടിസ്ഥാനഗ്രന്ഥം? അങ്ങനെയൊന്നുണ്ടോ? വേദങ്ങളെന്നു ചിലർ പറയുന്നു. വേദങ്ങൾ ജനസഞ്ചയത്തിലെ ഒരു ചെറുവിഭാഗമായ ബ്രാഹ്മണരിൽ ഒരു ചെറിയവിഭാഗം മാത്രം പഠിച്ചിരുന്ന ഒന്നാണ്. കുറെക്കാലം കഴിഞ്ഞപ്പോൾ അതിന്റെ അർത്ഥങ്ങൾ പോലും മറന്നു. പിന്നീട് സായിപ്പൻമാർ വന്നാണ് വേദങ്ങൾ തർജ്ജമ ചെയ്യതും പിന്നീടുള്ളവർ അതുവഴി വേദങ്ങളെ അറിയുന്നതും.

വേദങ്ങളെക്കാൾ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുള്ളത് പുരാണങ്ങൾക്കും ഇതിഹാസങ്ങൾക്കുമാണെന്നു പറയാം. എന്നാൽ അവയെയും നമ്മളിന്നു തഴഞ്ഞിരിക്കുകയാണ്. ഈ തഴയൽ തന്നെയാണ് അവയെക്കുറിച്ച് തെറ്റായ വ്യാഖ്യാനങ്ങൾ പ്രചരിക്കാൻ കാരണവും. അബദ്ധങ്ങൾ ഉയരുമ്പോൾ അവയെ ശാസ്ത്രീയമായി പഠിച്ച് എതിർക്കുകയാണ് വേണ്ടത്. അതിനുള്ള മനോഭാവം നമുക്കുണ്ടാകണം.

ഹൈന്ദവ സംസ്കാരത്തെ മതമായി ചിത്രീകരിച്ചത് ബ്രിട്ടീഷുകാരാണ്. അവർക്ക് മുമ്പ്

ഹിന്ദുമതം എന്നൊരു ഐഡിയ നമുക്കിവിടെ ഉണ്ടായിരുന്നില്ല. അതേ സമയം ഹിന്ദു സംസ്കാരവും ഹിന്ദു പൈതൃകവും ഇവിടെ ഉണ്ടായിരുന്നു. അത് സിന്ധുനദീതടവാസവുമായി ബന്ധപ്പെട്ടുണ്ടാകുന്നതാണ്. ബ്രിട്ടീഷുകാർ സെൻസെസ് എടുക്കുമ്പോൾ ക്രിസ്ത്യൻ മതവിഭാഗക്കാരിലും മുസ്ലിം മതവിഭാഗക്കാരിലും പാഴ്സികളിലും ബുദ്ധമതക്കാരിലുമൊന്നും പെടാത്തവരെയെല്ലാം കൂട്ടി ഹിന്ദു എന്നു പറഞ്ഞതല്ലാതെ അങ്ങനെയൊരു മതം ഇല്ല. ഇന്നിപ്പോൾ ഹൈന്ദവമതം എന്നുണ്ടെങ്കിൽ അത് ഉണ്ടാക്കിയത് ബ്രിട്ടീഷുകാരാണെന്നു പറയേണ്ടിവരും. പുരാണങ്ങളിലോ ഇതിഹാസങ്ങളിലോ പോലും ഹിന്ദു മതത്തെക്കുറിച്ച് പറയുന്നുപോലുമില്ല.

എന്തുകൊണ്ട് പശുവിനെ സംരക്ഷിക്കണം എന്നു പറയുന്നതിനെ മറ്റൊരുതരത്തിൽ നമുക്ക് നോക്കി കാണാവുന്നതാണ്. പുരാണത്തിലെ ശ്രീകൃഷ്ണ കഥയിൽ ഗോകുലവും ഗോപാലകരുമൊക്കെയുണ്ട്. ഗോകുലം എന്നാൽ ഗോക്കളുടെ (പശുക്കളുടെ) കുലം, ഗോവർദ്ധനം എന്നാൽ ഗോക്കളുടെ ക്ഷേമം വർദ്ധിപ്പിക്കുന്ന ഒരു മല, ഗോപാലകർ എന്നാൽ ഗോക്കളെ പാലിക്കുന്നവർ; ഇങ്ങനെയൊരു വംശം ഉണ്ടായിരുന്നുവെന്നു പറയുന്നു. കൃഷിക്കാർ ഉണ്ടായിരുന്നതുപോലെ തന്നെ ഗോപാലന്മാരും ഉണ്ടായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം പശു അവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നൊരു മൃഗമായിരുന്നു. ജീവിതമാർഗവുമായിരുന്നു. വീട്ടിലെ ഒരംഗം തന്നെയായിരുന്നു ആ മൃഗവും. അതുകൊണ്ടു തന്നെ വല്ലാത്തൊരു സെന്റിമെന്റൽ അപ്രോച്ച് ആയിരുന്നു അവർക്ക് പശുക്കളോടുണ്ടായിരുന്നത്. അതിനെ കൊല്ലാനോ ഉപദ്രവിക്കാനോ അവർ ശ്രമിച്ചിരുന്നില്ല.



ഈയൊരു സംസ്കാരത്തെ ഇപ്പോഴുള്ളവർ ദുർവ്യാഖ്യാനം ചെയ്യുകയാണെന്നു പറയാൻ കഴിയില്ല. ഹൈന്ദവപാരമ്പര്യം എന്താണെന്നു അവർ പഠിക്കാത്തതുകൊണ്ട് / അവരെ പഠിപ്പിക്കാത്തതുകൊണ്ട് പറ്റുന്ന അബദ്ധങ്ങളാണ്. യഥാർത്ഥ ഹൈന്ദവ സംസ്കാരത്തെ കുറിച്ച് അവരെ പഠിപ്പിക്കാതെ ബ്രിട്ടീഷുകാരും മറ്റു മതങ്ങളും തടഞ്ഞതുകൊണ്ടുള്ള പ്രശ്നങ്ങളാണ്. അവരോട് എനിക്ക് തോന്നുന്നത് സഹതാപമാണ്. സമൂഹവും അവരെ ശത്രുതയോടെയല്ല കാണേണ്ടത്. അവരുടെ അറിവില്ലായ്മയെ തിരുത്താനുള്ള സഹിഷ്ണുതയാണ് കാണിക്കേണ്ടത്. ഗാന്ധിജി അഹിംസയിൽ ഊന്നി പ്രവർത്തിച്ചപ്പോൾ അഹിംസയല്ല, ഹിംസയാണ് വേണ്ടതെന്നു കമ്യൂണിസ്റ്റുകാർ പരിഹസിച്ചിരുന്നു. എന്നാൽ ഗാന്ധിജിയുടെ മനോഭാവം അവരെ എതിർക്കുകയെന്നതല്ലായിരുന്നു. അവരുടെ അറിവില്ലായ്മ

കൊണ്ടല്ലേ അങ്ങനെ പറയുന്നത്, അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയാണ് വേണ്ടതെന്നായിരുന്നു ഗാന്ധിജി നിലപാട് എടുത്തത്. ഇവിടെയും നമ്മൾ പുലർത്തേണ്ടത് ഇത്തരം മനോഭാവമാണ്.

ഹൈന്ദവ പുരാണേതിഹാസങ്ങളും വേദങ്ങളുമൊക്കെ പഠിക്കാനുള്ള സാഹചര്യം ഉണ്ടാകണം. അതിൽ മതമൗലികവാദം കാണാൻ ശ്രമിക്കരുത്. കൃത്യമായ അറിവ് ഇവയെക്കുറിച്ച് ഉണ്ടെങ്കിൽ മാത്രമെ നമുക്ക് ശാസ്ത്രീയമായ അടിത്തറയിൽ നിന്നുകൊണ്ടു തർക്കങ്ങളിലും വാദങ്ങളിലും ഏർപ്പെടാൻ സാധിക്കു. പക്ഷേ ഇത്തരം വിദ്യാഭ്യാസം സ്വായത്തമാക്കാനുള്ള സർവകലാശാലകൾ നമുക്കില്ല എന്നതും പോരായ്മയാണ്. ഇക്കാര്യങ്ങളിലൊക്കെ നാം ഇനിയും മുന്നേറാനുണ്ട്.

ഇന്ത്യയുടെ സെക്കുലറിസം തകരുന്നു എന്നു വിഷമിക്കുന്നവരും ചിലപ്പോൾ ചരിത്രം അഭിപ്രായങ്ങളിലൂടെ മാത്രം മനസ്സിലാക്കിയവരായിരിക്കണം. ഏറെ നാളത്തെ കൂടിയാലോചനകൾക്കുശേഷം എഴുതിയ ഇന്ത്യൻ ഭരണഘടനയിൽ സെക്യുലറിസം എന്നൊരു വാക്ക് ഉണ്ടായിരുന്നില്ല. ഇതു പിന്നീട് ഇന്ദിരാ ഗാന്ധിയാണ് ഉൾപ്പെടുത്തിയത്. എന്നാൽ വളരെ തെറ്റിദ്ധാരണാജനകമായ രീതിയിലാണ് ഈ വാക്ക് നമ്മൾ ഉപയോഗിക്കുന്നത്. യൂറോപ്പിൽ സെക്യുലറിസം എന്നാൽ മതനിഷേധമാണ്. ഇവിടെ എല്ലാ മതങ്ങളെയും സ്വീകരിക്കലാണ്. പ്രത്യേകിച്ച് പുറത്തുനിന്നു വന്ന മതങ്ങളെ. അതിൽ തന്നെ ഒരു കുഴപ്പം ഉള്ളത്, ഹിന്ദുമതം കുഴപ്പം പിടിച്ചതും പിന്തിരിപ്പനും ബാക്കിയെല്ലാം നല്ലതുമെന്ന തരത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യുന്നുവെന്നതാണ്. ഒരുതരം കൊളോണിയൽ അടിമത്ത മനോഭാവത്തിന്റെ ഫലമാണ് നമ്മുടെ സെക്യുലറിസം എന്ന കാപട്യം.

എതിർക്കേണ്ടതിനെ എതിർക്കണം. അതുപക്ഷേ അസഹിഷ്ണുതയെ അസഹിഷ്ണുത കൊണ്ടെന്നപോലെയാകരുത്. അവരുടെ വാദങ്ങളെ എതിർക്കാൻ നമുക്ക് അതേ വാദങ്ങളിലെ ശാസ്ത്രീയമായ അറിവ് ഉണ്ടാകണം. അതിനുവേണ്ടിയുള്ള വിദ്യാഭ്യാസമാണ് നമ്മൾ തേടേണ്ടത്. ഇപ്പോൾ അതിനുള്ള സാഹചര്യം ഇവിടെ ഇല്ലെങ്കിലും അത് കൊണ്ടുവരേണ്ടതുണ്ട്. അറിവ് നേടിയെടുത്തവർ പോലും അതു പങ്കുവയ്ക്കാതെ സ്വാർത്ഥചേരികളിൽ നിലയുറപ്പിക്കുമ്പോൾ സ്വയം അറിവു നേടേണ്ടുന്നതിന്റെ പ്രാധാന്യം നാം തിരിച്ചറിയേണ്ടതുണ്ട്.

*(Azhimukham believes in promoting diverse views and opinions on all issues. They need not always conform to our editorial positions)*

**അഴിമുഖം യൂട്യൂബ് ചാനൽ സന്ദർശിക്കാൻ ഇവിടെ ക്ലിക്ക് ചെയ്യുക**




ഞങ്ങളുടെ ജാഗ്രത; നിങ്ങളുടെ വായന.
അഴിമുഖം ഇ-മെയിലിൽ ലഭിക്കാൻ ഈ ലിങ്കിൽ ക്ലിക്ക് ചെയ്യൂ...

**Comment**

name...

email...

SEND



Copyright@ www.azhimukham.com 2016